LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ചില മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇരുപതിനായിരം രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും റവന്യൂ വകുപ്പുമന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000 രൂപ 5,000 രൂപയായും, ജില്ലാകളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000 രൂപ, 2000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

163 (1206) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ

ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സ്വയമ്പബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകുന്നതുമില്ല.

(സി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും റവന്യൂ ഐ.റ്റി.സെൽ, എൻ.ഐ.സി, അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

എളങ്കുന്നപ്പുഴയിലെ കുടുംബങ്ങൾക്ക് പട്ടയം

164 (1207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് വർഷങ്ങളായി താമസിച്ചുവരുന്ന 27 ഓളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) വേലിയേറ്റ മേഖലയിൽ നിന്നുള്ള നിശ്ചിതദൂര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കാനാവില്ലെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ടി പ്രദേശത്ത് താമസിച്ചു വരുന്നവർക്ക് നിയമാനുസൃതമായി തുടർന്നും താമസിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly